കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗരസഭാ ചെയർപേഴ്സൺ ഉപയോഗിച്ചു കൊണ്ടിരുന്ന വാഹനം ഓഫീസ് ആവശ്യങ്ങൾക്ക് തുടർന്നും ഉപയോഗിക്കുന്നതിനും വാഹനം വാങ്ങിയതിന് അധികരിച്ച തുകയ്ക്ക് സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം. 1400/13/തസ്വഭവ തിരുവനന്തപുരം, തീയതി: 30.05.2013.

പരാമർശം: 1. 21.06.2012-ലെ സ.ഉ (സാധാ)നം.1686/12/തസ്വഭവ.
2. കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 30.03.2013-ലെ ഇ.5/4077/12 നമ്പർ കത്ത്.
3. 22.05.2013 തീയതിയിലെ 3.11-)൦ നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

## ഉത്തരവ്

കണ്ണൂർ നഗരസഭാ ചെയർപേഴ്സന്റെ ഔദ്യോഗിക ഉപയോഗത്തിനായി എട്ട് ലക്ഷം രൂപയിൽ അധികരിക്കാത്ത തുക ചെലവഴിച്ച് ഒരു വാഹനം വാങ്ങുന്നതിന് പരാമർശം ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. വാഹനം വാങ്ങുന്നതിന് ചെലവഴിച്ചതിൽ അധികരിച്ച തുകയായ 41,981/- (നാൽപത്തിയൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന്) രൂപയ്ക്ക് സാധൂകരണം നൽകണമെന്നും ചെയർപേഴ്സൺ ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനം തുടർന്നും ഓഫീസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം രണ്ട് കത്ത് പ്രകാരം കണ്ണൂർ നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വാഹനം വാങ്ങുന്നതിന് ചെലവഴിക്കുന്നതിനായി അനുമതി നൽകിയ എട്ടുലക്ഷം രൂപയിൽ അധികരിച്ച തുകയായ 41,981/- (നാൽപത്തിയൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന്) രൂപയ്ക്ക് സാധൂകരണം നൽകിയും ചെയർപേഴ്സൺ ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനം തുടർന്നും ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, കണ്ണൂർ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ